# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :1288 04.02.2019 ൽ മറുപടിക്ക്**

**മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് അനുവദിക്കുന്നതിലെ കാലതാമസം**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | പ്രൊഫ. സി.രവീന്ദ്രനാഥ്<br>( പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) കോട്ടയം ജില്ലയിലെ വൈക്കം സെന്റ് ലിറ്റിൽ തെരേസാസ് ഗേൾസ് ഹയർസെക്കന്ററി സ്കൂൾ അധ്യാപികയായ ലിസിയുമ്മ സി. ജെ. യുടെ മെഡിക്കൽ റീം ഇംബേഴ്സ്മെന്റ് സംബന്ധിച്ച് പൊതുവിദ്യാഭ്യാസ വകുപ്പിൽ നിലവിലുള്ള T1/261/2018 GED നംപർ ഫയലിൽ തീർപ്പുകൽപ്പിക്കാൻ ഉണ്ടായിരിക്കുന്ന കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ;<br>( ബി) റിട്ടയർ ചെയ്യാൻ മാസങ്ങൾ മാത്രം ബാക്കിയുള്ള ഈ അദ്ധ്യാപികയുടെ മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ് സംബന്ധിച്ച് ഹയർ സെക്കന്ററി ഡയറക്ടേറ്റ് റിപ്പോർട്ട് നൽകിയിട്ടുണ്ടോ; ഇത് സംബന്ധിച്ചുണ്ടായിട്ടുള്ള കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ; ഹയർ സെക്കന്ററി ഡയറക്ടേറ്റ് ഇത് സംബന്ധിച്ച് റിപ്പോർട്ട് എന്നത്തേക്ക് സമർപ്പിക്കും എന്നറിയിക്കാമോ;<br>(സി) മെഡിക്കൽ അഡ്വാൻസ് എടുത്ത തുകയുടെ സെറ്റിൽമെന്റും റീ ഇംബേഴ്സ്മെന്റും പാസ്സാക്കി നൽകണമെന്ന് കാണിച്ച് ക്യാൻസർ രോഗബാധിതയായ അദ്ധ്യാപിക വിദ്യാഭ്യാസ വകുപ്പിന് നൽകിയ പരാതിയിൽ ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ? | (എ)<br>(ബി)<br>&<br>(സി) | വൈക്കം സെന്റ് ലിറ്റിൽ തെരേസാസ് ഗേൾസ് ഹയർസെക്കന്ററി സ്കൂൾ പ്രിൻസിപ്പാൾ ശ്രീമതി. ലിസിയുമ്മ സി. ജെ. യുടെ മെഡിക്കൽ റീം ഇംബേഴ്സ്മെന്റ് അപേക്ഷ ന്യൂനതകൾ പരിഹരിച്ച് തിരികെ നൽകുന്നതിനായി 28/6/2018- ൽ ഹയർ സെക്കണ്ടറി ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. ഈ വിഷയത്തിൽ ശ്രീമതി. ലിസിയുമ്മ സി.ജെ 15/9/2018-ൽ സർക്കാരിൽ സമർപ്പിച്ച പരാതി T/261/2018/Gedn ഫയൽ പ്രകാരം ഹയർ സെക്കണ്ടറി ഡയറക്ടറുടെ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. ന്യൂനതകൾ പരിഹരിച്ച് അപേക്ഷയും അനുബന്ധ രേഖകളും തിരികെ ലഭിച്ചാലുടൻ ഇക്കാര്യത്തിൽ അന്തിമ തീരുമാനം കൈക്കൊള്ളുന്നതാണ്. |

**സെക്ഷൻ ഓഫീസർ**